ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴും കേരളത്തിന്റെ പതിനാല് കലാ-സാംസ്കാരിക പരിപാടികളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എങ്കിലും നമുക്ക് നമ്മുടെ പരിപാടികൾക്കുവേണ്ടി കിട്ടുന്ന സമയം കുറവാണെന്നുള്ള കാര്യം നിർബന്ധപൂർവ്വം അവരെ അറിയിച്ചിട്ടുണ്ട്. അതിനിടയിൽ കേന്ദ്ര മന്ത്രി ഡയറക്ടർ ജനറലിനെ ഇവിടെ അയച്ചു. അദ്ദേഹവുമായി ഇതിനെക്കുറിച്ച് സംസാരിച്ചു. അവർക്ക് ഇവിടെ പരിപാടികൾ സംവിധാനം ചെയ്യുവാനുള്ള സൗകര്യക്കുറവുള്ളതുകൊണ്ട് സ്റ്റുഡിയോ ഗ്രൗണ്ടിൽ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഫിലിം ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കാമെന്നുള്ള കരാറിൽ ഉടനെതന്നെ കേരളത്തിലെ പരിപാടികൾക്ക് സമയം വർദ്ധിപ്പിക്കാമെന്നും സമ്മതിച്ചിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ ഗവൺമെൻറ് സ്വീകരിക്കുന്നതാണ്.

(6) ചന്ദ്രഗിരി പാലത്തിന്റെ പണിയോടനുബന്ധിച്ചുള്ള റോഡുകളുടെ നിർമ്മാണം

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, മൂന്ന് മാസം മുമ്പ് പണിയാരംഭിച്ച ചന്ദ്രഗിരിപാലം അടുത്ത മേയ് മാസത്തോടുകൂടി അതിന്റെ പണി പൂർത്തിയാകാൻ പോവുകയാണ്. ഇരുപത്തിയഞ്ച് വർഷത്തിനുമുമ്പ് സർവ്വേ പൂർത്തിയാക്കിയതും വളരെയേറെ വിദേശനാണ്യം ലഭിക്കാനിടയുള്ളതും പന്ത്രണ്ട് കിലോമീറ്റർ ദൂരം കുറയ്ക്കുന്നതുമായ പാലമാണിത്. നാഷണൽ ഹൈവേയായി പഴയ റോഡും പാലവും നിലനിറുത്തുവാനുള്ള ശ്രമമാണ് ഇപ്പോഴും നടത്തിവരുന്നത്. കാസർകോട്കാരെ സംബന്ധിച്ചിടത്തോളം ആ പാലവുമായി ബന്ധിപ്പിക്കുന്ന ചെമ്മനാട്, ചെളിയംകോട്, മേൽപ്പറമ്പ് വഴിയുള്ള രണ്ടര കിലോമീറ്റർ റോഡ് നിർമ്മിക്കുവാനുള്ള ഗവൺമെൻറിന്റെ നടപടികൾ സ്തംഭനാവസ്ഥയിലിരിക്കുകയാണ്. അവിടത്തെ ജനങ്ങളിൽ ഇത് ഒരു വലിയ ഉൽക്കണ്ഠ ഉളവാക്കിയിരിക്കുകയാണ്. അവർ അതിനെതിരായി ഒരു സമരത്തിനൊരുങ്ങി നിൽക്കുകയാണ്. പാലം പൂർത്തിയാക്കുന്നതോടുകൂടി നാഷണൽ ഹൈവേയായി അംഗീകരിക്കണം. ഫ്രീയായിട്ട് ലാൻറ് നൽകണമെന്നാണ് ഇപ്പോൾ ഡിപ്പാർട്ടുമെൻറ് നിർദ്ദേശം നൽകിയിരിക്കുന്നത്. പ്രസ്തുത റോഡും പാലവും നാഷണൽ ഹൈവേ സ്കീമിൽപ്പെടുത്തി ആവശ്യമായ കോമ്പൻസേഷൻ നൽകിക്കൊണ്ട് റോഡുനിർമ്മാണം ആരംഭിക്കുവാനുള്ള അടിയന്തിര നടപടികളെടുക്കണം. വളപട്ടണം പാലത്തിന് ലഭിക്കുന്ന അതേ കളക്ഷൻ തന്നെ ഈ പാലത്തിനും ടോൾ വഴി ലഭിക്കും. അതുകൊണ്ട് വലിയ ഒരു ദേശീയ നഷ്ടം ഒഴിവാക്കാൻ കഴിയും. പ്രസ്തുത പാലവും റോഡും നാഷണൽ ഹൈവേയിൽ പെടുത്തി ഈ പാലത്തിന്റെയും റോഡിന്റെയും പണി ഉടനെ പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടിനഹ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പാലം പുതിയ പാലമാണ്. അതിന്റെ പണി മിക്കവാറും പൂർത്തിയാകാറായിരിക്കുകയാണ്. അതിനാവശ്യമായ അപ്രോച്ച് റോഡ് ഇപ്പോൾ നിലവിലുണ്ട്. റോഡുമായി ബന്ധിപ്പിക്കുന്ന അപ്രോച്ച് റോഡ് വേണമെന്നുള്ളതാണ് ഇപ്പോഴത്തെ ആവശ്യം. അതിനാവശ്യമായ സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കാതെ ഫ്രീയായി തരാൻ സാധിക്കുമോ എന്നുള്ള ഗവൺമെൻറിന്റെ ചോദ്യം നിലവിലിരിക്കുകയാണ്. അതിന് ശരിയായ മറുപടി കിട്ടിയതിനു ശേഷം അന്തിമമായ തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly